**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5066** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ പഠന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കി കമ്പ്യൂട്ടറുകളും ലാപ്പ്ടോപ്പുകളും അനുവദിച്ച് നൽകുന്നതിന് കെ.എസ്.എഫ്.ഇ. യുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതി പ്രകാരം എല്ലാ അപേക്ഷകർക്കും പ്രസ്തുത ഉപകരണങ്ങൾ ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | (ബി) | കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോളതലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ലഭ്യതക്കുറവുള്ളതിനാൽ HP, LENOVO കമ്പനികൾക്ക് ലാപ്ടോപ്പ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല, 1057 ലാപ്ടോപ്പുകൾ HP കമ്പനി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ LENOVO ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ അവ പരിഹരിച്ച് എല്ലാ അപേക്ഷകർക്കും ലാപ്പ്ടോപ്പുകൾ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ലാപ്ടോപ്പ് വിതരണത്തിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ, KSFE വിദ്യാശ്രീ ചിട്ടിയിൽ ചേർന്ന് മൂന്ന് തവണകൾ അടച്ചവർക്കെല്ലാം രണ്ട് ഓപ്ഷനുകൾ നല്കാൻ തീരുമാനിച്ചിട്ടുണ്ട്. HP, LENOVO എന്നീ ലാപ്ടോപ്പുകൾ ലഭ്യമാകാൻ കാലതാമസം ഉണ്ടാകുമെന്ന് അറിയിച്ച ശേഷവും ആയത് വാങ്ങാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് കെഎസ്എഫ്ഇ മുഖാന്തിരം ലാപ്ടോപ്പ് നല്കുന്നതാണെന്നും രണ്ടാമതായി ലാപ്ടോപ്പോ, ടാബ് ലെറ്റോ മാർക്കറ്റിൽ നിന്ന് വാങ്ങി ബിൽ/ ഇൻവോയിസ് കെഎസ്എഫ്ഇ ബ്രാഞ്ചിൽ ഹാജരാക്കുകയാണെങ്കൽ ലാപ്ടോപ്പിന്റെ തുകയോ, പരമാവധി 20,000/- രൂപയോ ഏതാണ് കുറവ് ആയത് കെഎസ്എഫ്ഇ ബ്രാഞ്ച് നല്കുകയും ആയത് 500/- രൂപയുടെ 40 മാസതവണകളായി, |

| | | | |
|---|---|---|---|
| | | | തുകയ്ക്ക് അനുസൃതമായി അടയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് ഇനിയും പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിന് അവസരം നൽകുമോ? | (ഡി) | 2021 ജൂൺ 30 വരെ ആയിരുന്നു നിലവിലെ പദ്ധതിയിൽ ചേരാനുള്ള സമയം. |

സെക്ഷൻ ഓഫീസർ